ഇക്കോ പാർക്കുകൾ

84 (3293) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) നഗരങ്ങളിൽ വനവൽക്കരണത്തിന് എന്തൊക്കെ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ബാംഗ്ലൂർ നഗരത്തിൽ സ്ഥാപിച്ചതുപോലുള്ള അർബൻ ഇക്കോ പാർക്കുകൾ തിരുവനന്തപുരത്തും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നഗരപ്രദേശങ്ങളിലെ വനവൽക്കരണം പ്രത്യേകമായി ഉദ്ദേശിച്ചു കൊണ്ട് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പ്രദേശങ്ങളിൽ ഓരോ അർബൻ ഫോറസ്റ്റ് ഡിവിഷനുകൾ രൂപീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) തൽക്കാലം പരിഗണനയിലില്ല.

യൂക്കാലിപ്റ്റസ് മരങ്ങളും പരിസ്ഥിതി സന്തുലനവും

85 (3294) ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. എ. വാഹീദ് :
പ്രൊഫ. എ. ഡി. മൂസ്തഫ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) വനം ഭൂഗർഭജലത്തെ പിടിച്ചു നിർത്തുന്നതിനും അതിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനും സഹായകമാകുന്നുണ്ടോ ;

(ബി) യൂക്കാലിപ്റ്റസ് പ്ലാന്റേഷൻ ഉള്ളയിടങ്ങളിൽ ഭൂഗർഭ ജലത്തിന് കുറവു കണ്ടുവരുന്നുണ്ടോ ;

(സി) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് യൂക്കാലിപ്റ്റസ് പ്ലാന്റേഷനുകളുണ്ട് ;

(ഡി) ഈ മരങ്ങൾ പരിസ്ഥിതി സന്തുലനത്തിൽ വഹിക്കുന്ന പങ്കിനെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് പഠനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) ഉണ്ട്. വനം ഭൂഗർജലത്തെ പിടിച്ചുനിർത്താൻ സഹായിക്കുകയും അതിന്റെ അളവ് വർദ്ധിപ്പിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു എന്നുള്ളത് ഒരു സാർവ്വത്രിക സത്യമാണ്. അതുകൊണ്ടാണ് നല്ല വനപ്രദേശങ്ങളിൽ നിന്നും ഉത്ഭവിക്കുന്ന നദികൾ വേനൽക്കാലത്തും വറ്റാതിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) യൂക്കാലിപ്റ്റസ് പ്ലാന്റേഷൻ ഉള്ളയിടങ്ങളിൽ ഭൂഗർഭ ജലത്തിന് കുറവു കണ്ടുവരുന്നതായി ആത്യന്തികമായി തെളിയിക്കപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച് പഠനങ്ങൾ നടത്തിവരുന്നു.

(സി) ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് കണക്കനുസരിച്ച് 20842.51 ഹെക്ടർ യൂക്കാലി പ്ലാന്റേഷനുകൾ കേരളത്തിലുണ്ട്. ഇതുകൂടാതെ സ്വകാര്യ സ്ഥലങ്ങളിലും യൂക്കാലി പ്ലാന്റേഷനുകൾ നിലവിലുണ്ട്.

(ഡി&ഇ) യൂക്കാലി മരങ്ങളുടെ പരിസ്ഥിതി അസന്തുലിതാവസ്ഥയിലെ പങ്കിനെക്കുറിച്ച്, പ്രത്യേകിച്ചും ഇതിന്റെ ജലവിനിയോഗത്തെക്കുറിച്ചും മണ്ണൊലിപ്പിനെക്കുറിച്ചും കെ.എഫ്.ആർ.ഐ. ചില പഠനങ്ങൾ നടത്തിയിട്ടുണ്ട്. കാതല്ലൂർ എന്ന പ്രദേശത്ത് യൂക്കാലി മരങ്ങൾ പരിസ്ഥിതിക്ക് എന്തെങ്കിലും ഹാനികരമായിത്തീരുന്നുണ്ടോ എന്ന ഒരു പഠനം കെ.എഫ്.ആർ.ഐ.-യിൽ നടത്തിക്കൊണ്ടിരിക്കുകയാണ്.

വാഗമൺ മേഖലയിലെ ജൈവവൈവിദ്ധ്യത്തെപ്പറ്റി പഠനം

88 (3295) പ്രൊഫ. കെ. വി. തോമസ് :
ശ്രീ. എം. എം. ഹസ്സൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. എ. കെ. മണി :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഗമൺ മേഖലയിലെ ജൈവവൈദഗ്ദ്ധ്യത്തെപ്പറ്റി എന്തെല്ലാം പഠനങ്ങൾ നടത്തിയിട്ടുണ്ട് ;

(ബി) വംശനാശ ഭീഷണി നേരിടുന്ന എന്തെല്ലാം സസ്യങ്ങൾ അവിടെ കണ്ടുവരുന്നു ;

(സി) അപൂർവ്വമായ എന്തെല്ലാം സസ്യങ്ങൾ എവിടെയുണ്ട് എന്ന് അറിയിക്കുമോ;

(ഡി) ഇവ സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്?

ഉത്തരം

(എ) ഈ വകുപ്പിൽനിന്നും പ്രത്യേക പഠനം നടത്തിയിട്ടില്ല.

(ബി) വാഗമൺ മേഖലയിൽ വംശനാശം നേരിടുന്ന ഡെസ്മോസ് വിരി ഡിപ്പ്ളോറസ് എന്ന വള്ളിച്ചെടിയും ഫ്മിത്തിയ വെങ്കോബ റോവി എന്ന പയർ വർഗ്ഗത്തിൽപ്പെടുന്ന കുറ്റിച്ചെടിയും ഓസ്ബക്കിയ ട്രാവൻകോറിക്ക എന്ന കുറ്റിച്ചെടിയും പെടുന്നു.

(സി) വാഗമൺ മേഖലയിൽ ഏതാണ്ട് 880 സസ്യ ഇനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അവയിൽ ഏതാണ്ട് 60 സ്പീഷിസുകൾ പുല്ലു വർഗ്ഗത്തിൽപ്പെടുന്നവയാണ്. ടി 880-ൽപ്പെടുന്ന 280 ഓളം സ്പീഷീസുകൾ പശ്ചിമഘട്ടത്തിൽ

LIBRARY ARCHIVES Kerala Legislative Assembly